**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി ഏതുഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; | (എ) | കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോവകുന്നിൽ നിലവിലുള്ള മാസ്റ്റർ ബാലൻസിങ് റിസർവോയറിൽനിന്ന് പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയും, 5800 മീറ്റർ വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ട്.. നിലവിൽ ഗ്രാവിറ്റി മെയിനിൽ നിന്ന് വിതരണ പൈപ്പുകൾ ഇന്റെർലിങ്ക് ചെയ്ത് മുന്നൂറോളം വീടുകളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടാങ്കിന്റെ രൂപകൽപ്പനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോവകുന്നിൽ നിലവിലുള്ള മാസ്റ്റർ ബാലൻസിങ് റിസർവോയറിൽനിന്ന് പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയും, 5800 മീറ്റർ വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ട്.. നിലവിൽ ഗ്രാവിറ്റി മെയിനിൽ നിന്ന് വിതരണ പൈപ്പുകൾ ഇന്റെർലിങ്ക് ചെയ്ത് മുന്നൂറോളം വീടുകളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടാങ്കിന്റെ രൂപകൽപ്പനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും എന്നറിയിക്കാമോ; പദ്ധതി | (സി) | മണ്ഡലത്തിലെ ഏകദേശം 2500 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. 2021 |

| | | | |
|---|---|---|---|
| | എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ; | | ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പദ്ധതിയുടെ ആവശ്യത്തിലേക്കായി വെട്ടിമുറിച്ച റോഡുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മുറിക്കേണ്ടി വന്ന റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിലും ബന്ധപ്പെട്ട പഞ്ചായത്തിലും ഒടുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ